കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

<u>പ്രസിദ്ധീകരണത്തിന്</u>

തീയതി 17.09.2020

## 182 കോടി രൂപയുടെ 9 പദ്ധതികൾ നാടിന് സമർപ്പിക്കും – മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്തെ 9 മണ്ഡലങ്ങളിലായി 182 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ 9 പ്രവൃത്തികളുടെ ഉദ്ഘാടനം 18.09 2020 ന് വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിക്കുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ഇടുക്കി ജില്ലയിലെ ഇടുക്കി മണ്ഡലത്തിലെ പൈനാവ് – താന്നിക്കണ്ടം – അശോക കവല റോഡ് (146.67 കോടി രൂപ), കണ്ണൂർ ജില്ലയിലെ ഇരിട്ടി മണ്ഡലത്തിലെ മാടത്തിൽ – കൂമൻതോട് റോഡ് (7 കോടി രൂപ), വയനാട് ജില്ലയിലെ കൽപ്പറ്റ മണ്ഡലത്തിലെ സി.വി.ജി റോഡിന്റെ നടുവഞ്ചാൽ മുതൽ ചോലാടി വരെ (14 കോടി രൂപ), പത്തനംതിട്ട ജില്ലയിലെ കോന്നി മണ്ഡലത്തിലെ ആഞ്ഞിലികുന്ന് – വടക്കുംപുറം റോഡ് (6 കോടി രൂപ), തിരുവനന്തപുരം ജില്ലയിലെ ഗവ. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ ഉദുമ മണ്ഡലത്തിലെ പൂച്ചക്കാട് – മോസ്ക് – പെരിയ റോഡ് (5 കോടി രൂപ) എന്നിവ കൂടാതെ ഒറ്റപ്പാലം, തൊടുപുഴ, നാവായിക്കുളം എന്നീ മൂന്ന് സബ്രജിസ്ട്രാർ ഓഫീസുകളും നാടിന് സമർപ്പിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ആറന്മുള മണ്ഡലത്തിലെ മണ്ണാർക്കുളഞ്ഞി-കോഴഞ്ചേരി റോഡ് നവീകരണം (23.46 കോടി), തിരുവല്ല മണ്ഡലത്തിലെ ഉപദേശിക്കടവ് പാലം നിർമ്മാണം (23.73 കോടി), പീരുമേട് മണ്ഡലത്തിലെ മലയോരഹൈവേയുടെ കുട്ടിക്കാനം-ചപ്പാത്ത റീച്ച് (68.77 കോടി) എന്നീ പ്രവൃത്തികൾ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ഉദ്ഘാടനം ചെയ്തു.

നാട്ടിക, കൈപ്പമംഗലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലം (17.28 കോടി) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം ടൗൺ പരിഷ്കരണം (7.37 കോടി), പേരാവൂർ മണ്ഡലത്തിലെ വാരപ്പീടിക-മഞ്ഞളാപുരം റോഡ് (15 കോടി), കോളയാട്-മേനച്ചോടി-തൃക്കടിപ്പൊയിൽ-കണ്ണൂർ എയർപോർട്ട് റോഡ് (18 കോടി), പേരാമ്പ്ര മണ്ഡലത്തിലെ കൊയിലാണ്ടി-മൂത്താമ്പി-അച്ചൻപാടിക റോഡ് (13.65 കോടി) എന്നീ പ്രവൃത്തികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.